# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1637

05.12.2014 ലെ
മറുപടിയ്ക്ക്

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ മുഖേന ലഭ്യമാക്കുന്ന വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ച് വിശദമാക്കാമോ ; | (എ)<br>1. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ ഫണ്ട് മാത്രം വിനിയോഗിച്ച് ബിരുദ പഠനം മുതൽ ഉന്നത വിദ്യാഭ്യാസം തേടുന്ന, സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ നേടി പഠിക്കുന്നവരുമായ മുസ്ലീം, ലത്തീൻ ക്രിസ്ത്യൻ, പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കാണ് സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് നൽകി വരുന്നത്. വാർഷിക വരുമാനം 4.50 ലക്ഷം രൂപ കവിയാത്തവർക്കാണ് അർഹത.<br>2. സി.എ/ ഐ.സി.ഡബ്ല്യു.എ/ സി.എസ് കോഴ്സുകൾക്ക് പഠിക്കുന്ന ഫൗണ്ടേഷൻ, കോമൺ, പ്രൊഫിഷൻസി ടെസ്റ്റിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 6000/- രൂപയും ഇന്റർമീഡിയറ്റ്/ എക്സിക്യൂട്ടീവ് ഫൈനൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 12000/- രൂപ വീതവും സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് 1 ലക്ഷം രൂപ ഫെല്ലോഷിപ്പും നൽകി വരുന്നു.<br>3. സ്വകാര്യ ഐ.ടി.ഐകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് പദ്ധതി പ്രകാരം സർക്കാർ അംഗീകൃത സ്ഥാപന ങ്ങളിൽ ദ്വിവൽസര, ഐ.ടി.സി കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥി കൾക്ക് 2 വർഷം / 1 വർഷം/ 6 മാസം |

കാലയളവിൽ യഥാക്രമം 20000/-, 10000/-, 5000/- എന്ന തോതിൽ ഫീസ് റീഇംബേഴ്‌സ്‌മെന്റ് ചെയ്യുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

(ബി) കേന്ദ്ര സർക്കാർ മുഖേന ലഭിക്കുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര സർക്കാർ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, പ്രീമെട്രിക് സ്കോളർഷിപ്പ്, മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് യഥാക്രമം കോളേജ് വിദ്യാഭ്യാസ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുഖേനയും നടപ്പാക്കി വരുന്നു.

(സി) പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ സ്കോളർഷിപ്പുകൾ സംബന്ധിച്ച് വിവരങ്ങൾ നൽകുന്നതിനും, അപേക്ഷകൾ കൃത്യതയോടെ സമർപ്പിക്കുന്നതിനും സഹായകമായ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(സി) പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ